## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2450 18/7/2011-ൽ മറുപടിക്ക്**

## ഇ.എസ്.ഐ. സ്റ്റാഫിന്റെ കുറവ് പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി :<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ :<br>ശ്രീ.പി.ഉബൈദുള്ള :<br>ശ്രീ.പി.ബി.അബ്ദുൾ റസാക് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ഇ.എസ്.ഐ. ആശുപത്രികളിലൂടെ തൊഴിലാളികൾക്ക് ലഭിക്കുന്ന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ; | (എ) ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ ഗുണഭോക്താക്കൾക്ക് ക്യാഷ് ലെസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനു വേണ്ടി സ്വകാര്യ ആശുപത്രികളെ എം പാനൽ ചെയ്തിട്ടുണ്ട്. ആശുപത്രി വികസന സമിതി വഴി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |
| (ബി) ഈ വിഭാഗത്തിൽ നിലനില്ക്കുന്ന ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ. ആശുപത്രികളിലെ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ കൃത്യമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇവരുടെ സ്ഥിര നിയമനത്തിന് കാലതാമസം ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഡോക്ടർമാരെയും മറ്റും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | |
|---|---|
| (സി) ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതും ശുചീകരണ പ്രവർത്തനങ്ങളുടെ അപര്യാപ്തതയും മൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; അതിനുവേണ്ട പരിഹാര നടപടികൾ സ്വീകരിക്കുമോ ; | (സി) ഉണ്ട്. പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) ഇ.എസ്.ഐ. വിഭാഗത്തിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരുണ്ട് ; എത്ര തൊഴിലാളികൾ ഗുണഭോക്താക്കളായിട്ടുണ്ട് ;<br><br>(ഇ) ഗുണഭോക്താക്കളിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന ശരാശരി പ്രീമിയം തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) & (ഇ) 2770 ജീവനക്കാരുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം, ഒരു വർഷം ലഭിക്കുന്ന ശരാശരി പ്രീമിയം തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ. കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ